**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3991** **21.06.2019-ൽ മറുപടിക്ക്**

## വിനോദസഞ്ചാര മേഖലയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. ഒ.ആർ. കേളു<br>ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികളിൽ ബഹുഭൂരിഭാഗവും പ്രത്യേകിച്ച് വിദേശികൾ, എറണാകുളം, ആലപ്പുഴ, ഇടുക്കി, തിരുവനന്തപുരം ജില്ലകൾ മാത്രം സന്ദർശിക്കുന്ന നിലവിലെ സ്ഥിതിക്ക് മാറ്റമുണ്ടാക്കാനായി വിനോദസഞ്ചാര സാധ്യതയുള്ള കേന്ദ്രങ്ങളുടെ സന്തുലിതവികസനം ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര ടൂറിസം വികസന പദ്ധതികൾക്കുള്ള നടപടികളാണ് നിലവിൽ ആവിഷ്കരിച്ചു വരുന്നത്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സർക്കാർ സംരംഭമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെയും കേന്ദ്രസർക്കാരിന്റെയും സഹായത്തോടെയുള്ള സമഗ്ര ടൂറിസം വികസനമാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസിപ്പിക്കുന്ന കേന്ദ്രങ്ങളോടൊപ്പം സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടുകൂടിയുള്ള ടൂറിസം പദ്ധതികളും സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവക്ഷിക്കുന്നുണ്ട്. ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ, ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ് ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങി വിവിധ മേഖലകൾ സ്വകാര്യ നിക്ഷേപത്തിനായി സാധ്യതയുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ ടൂറിസം വികസന |

ത്തിനായി 424 പദ്ധതികൾക്ക് ടൂറിസം വകുപ്പ് അനുമതി നൽകി നടപ്പിലാക്കി വരുന്നു.

ബി) സഞ്ചാരികൾക്ക് കേരളത്തിന്റെ സാംസ്കാരികത്തനിമ അനുഭവവേദ്യമാക്കുവാൻ ഉതകുന്ന പൈതൃക വിനോദ സഞ്ചാര പദ്ധതികളും സ്പൈസ് ടൂറിസം പദ്ധതിയും പ്രാവർത്തികമാക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ബി) സഞ്ചാരികൾക്ക് കേരളത്തിന്റെ സാംസ്കാരികത്തനിമ അനുഭവവേദ്യമാക്കുവാൻ ഉതകുന്ന പൈതൃക വിനോദ സഞ്ചാര പദ്ധതികളും സ്പൈസ് ടൂറിസം പദ്ധതിയും പ്രാവർത്തികമാക്കുവാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മുസിരിസ് പൈതൃക പദ്ധതി

കേരളത്തിലെ കല, സംസ്കാരം, മറ്റ് ലോകരാജ്യങ്ങളുമായുണ്ടായിരുന്ന വ്യാപാരത്തിന്റെയും ചരിത്രം വിളിച്ചോതുന്ന പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ഇതിൽ മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, സിനഗോഗ്, മറ്റ് ചരിത്ര സ്മാരകങ്ങൾ എന്നിവയെ ജലപാത വഴി ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട്

നിലവിൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിനോദസഞ്ചാര കേന്ദ്രമായ ആലപ്പുഴയുടെ സമഗ്ര വികസനമാണ് ഈ പ്രോജക്ട് വഴി വകുപ്പ് ലക്ഷ്യമിടുന്നത്. ആലപ്പുഴയുടെ തനത് ഉല്പന്നമായ കയറുമായി ബന്ധപ്പെട്ടുള്ള പൈതൃക നിർമ്മാണ ശാലകൾ പുനരുജ്ജീവിപ്പിക്കുക, കയർ മ്യൂസിയം ആരംഭിക്കുക, കനാലുകളും തോട്ടുകളും കൂടുതൽ സഞ്ചാര യോഗ്യമാക്കി വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുക തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാണ്.

തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്

തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ ആദ്യഘട്ടത്തിലുൾപ്പെടുത്തി 4.68 കോടി രൂപയുടെ ഭരണാനുമതി

നൽകിയ 3 പദ്ധതികളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

തലശ്ശേരി പൈതൃക ടൂറിസം പദ്ധതി തലശ്ശേരിയിൽ മാത്രം കേന്ദ്രീകരിക്കാതെ പൈതൃകവുമായി ബന്ധപ്പെട്ടുന്ന മറ്റു പ്രദേശങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 4 വ്യത്യസ്ഥ സർക്യൂട്ടുകളിലായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ കരട്, അപ്രൂവൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ച് കമ്മിറ്റി ആയത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ